LIBRARY ARCHIVES Kerala Legislative Assembly

പഴയങ്ങാടിയിലെ ടഷറി കെട്ടിട നിർമ്മാണം

272 (612) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ പഴയങ്ങാടി ടഷറി കെട്ടിട നിർമ്മാണം ഇൻകെൽ ഉപേക്ഷിച്ച സാഹചര്യത്തിൽ ഏത് ഏജൻസിയെയാണ് കെട്ടിട നിർമ്മാണം ഏൽപ്പിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ നൽകാമോ ;

(ബി) 27-1-2001-ന് ഭരണാനുമതി ലഭിച്ചെങ്കിലും നാളിതുവരെ നടക്കാത്ത സാഹചര്യത്തിൽ എത്രയും വേഗം കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ടഷറി വകുപ്പിൽ ഇൻകെൽ ഉപേക്ഷിച്ചതും പുതിയതായി ഇടങ്ങേണ്ടതുമായ പദ്ധതികൾ പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. പ്രസ്തുത വിഷയത്തിൽ ഇതുവരെ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ബി) പഴയങ്ങാടി സബ്ടഷറി കെട്ടിടം നിർമ്മിക്കുന്നതിന് കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ തയ്യാറാക്കി സമർപ്പിച്ച 1,60,79,000-രൂപയുടെ എസ്റ്റിമേറ്റ് സർക്കാർ പരിഗണനയിലാണ്. എന്നാൽ ഈ സാമ്പത്തിക വർഷത്തെ ബജറ്റിൽ ഇതിനാവശ്യമായ ഫണ്ട് ലഭ്യമല്ലാത്തതിനാൽ നടപ്പ് വർഷം ഈ പ്രവർത്തിക്ക് ഭരണാനുമതി നല്കുന്നകാര്യം പരിഗണിക്കാനാകില്ല. കൂടാതെ ടഷറികളുടെ കെട്ടിടനിർമ്മാണം പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കുന്നതിനുള്ള സാധ്യതയും സർക്കാർ പരിശോധിച്ചുവരികയാണ്.